LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ചതിലൂടെ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പ്രതിവർഷം ഏകദേശം 7,222 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

(ബി) ജീവനക്കാർ ചെയ്യുന്ന സേവനങ്ങൾ തൃപ്തികരമായും വേഗത്തിലും ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ശമ്പള കമ്മീഷൻ മുന്നോട്ടുവച്ച ശിപാർശകൾ രണ്ടാംഘട്ട റിപ്പോർട്ടിൽ ലഭ്യമാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) പത്താം ശമ്പളകമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-2-2016-ലെ സ.ഉ.(അച്ചടി) നമ്പർ7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ(ഐ.എം.ജി) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**സേവനാവകാശ നിയമം**

61 (32) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ആണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) നിയമം നടപ്പിലാക്കിയപ്പോൾ അതു വഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) സേവനാവകാശനിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചതിന് ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സേവനങ്ങൾ ജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം 2012 നവംബർ ഒന്നാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. ടി നിയമം 2012, 3-ാം വകുപ്പ് പ്രകാരം ഓരോ വകുപ്പും, വകുപ്പ് മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2(ജി) വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥൻ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ നിർദ്ദേശം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയ 121 വകുപ്പുകൾ/സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. *

(സി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടിയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

15-11-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ 21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേക്കും അഴിമതി കുറയ്ക്കുന്നതിലേക്കും വേണ്ടിയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്.

കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ പുരോഗതി സംബന്ധിച്ച ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കുവാൻ ഐ.എം.ജി.-യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.എം.ജി. ഒരു പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയതിൽ മുന്നോട്ടുവച്ചിരുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേവനാവകാശ നിയമ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട്, 15-11-2014-ലെ 16203/ ഏ.ആർ.12(1)/13/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന്, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലായെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ, കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ



LIBRARY ARCHIVES Kerala Legislative Assembly

21-10-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ.നമ്പർ സർക്കുലർ പ്രകാരം, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ, നിയുക്ത ഉദ്യോഗസ്ഥനോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ, അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമഗ്ര റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മന്ത്രിസഭായോഗം**

62 (33) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബർ 17 ന് രാത്രി സംസ്ഥാന മന്ത്രിസഭായോഗം ചേരുകയുണ്ടായോ; പ്രസ്തുത യോഗത്തിൽ ചീഫ് സെക്രട്ടറി പങ്കെടുക്കുകയുണ്ടായോ; പങ്കെടുത്ത മന്ത്രിമാർ എത്രയായിരുന്നു; മന്ത്രിസഭാ യോഗത്തിന്റെ അറിയിപ്പ് എല്ലാ മന്ത്രിമാർക്കും നല്കുകയുണ്ടായോ; മന്ത്രിസഭാ യോഗം ചേർന്നത് എവിടെവെച്ചായിരുന്നു;

(ബി) എത്ര അജണ്ട ഐറ്റങ്ങളിൽ മന്ത്രിസഭായോഗത്തിൽ തീരുമാനം എടുക്കുകയുണ്ടായി;

(സി) മന്ത്രിസഭായോഗം എത്ര മണിക്ക് ആരംഭിച്ച് എത്ര മണിക്ക് അവസാനിപ്പിക്കുകയുണ്ടായി;

(ഡി) 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം ചേരുകയുണ്ടായോ; അന്നത്തെ അജണ്ടയിലെ എത്ര ഐറ്റങ്ങളിൽ തീരുമാനം എടുക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly